# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3090 22.06.2012-ൽ മറുപടിയ്ക്ക്

## സർക്കാർ ഓഫീസുകൾക്ക് സ്റ്റേഷനറിയും, ഫയൽബോർഡുകളും, രജിസ്റ്ററുകളും നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. തിലോത്തമൻ** | **ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)** |
| (എ) സർക്കാർ ഓഫീസുകൾക്ക് സ്റ്റേഷനറിയും, ഫയൽബോർഡുകളും, രജിസ്റ്ററുകളും നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) സർക്കാർ ഓഫീസുകൾക്ക് സ്റ്റേഷനറിയും, ഫയൽബോർഡുകളും വിതരണം നടത്തുന്നത് ബന്ധപ്പെട്ട ഓഫീസുകളിലെ സ്റ്റാഫുകളുടെ എണ്ണം അനുസരിച്ച് ഓരോ സ്റ്റേഷനറി സാധനങ്ങൾക്കും അളവ് നിശ്ചയിക്കുകയും, ഇത്തരത്തിലുള്ള ഓഫീസുകളിൽ നിന്നും ശേഖരിക്കുന്ന പ്രൊഫോർമകളിൽ സ്റ്റേഷനറി ഇൻസ്പെക്ടറുടെ ശുപാർശ ലഭ്യമാക്കി യതിന് ശേഷവുമാണ്. സംസ്ഥാനത്തെ ജില്ലാ താലൂക്ക് തലങ്ങളിലെ ആഫീസു കൾക്ക് അവരവരുടെ ആവശ്യം അനുസരിച്ച് വില ഈടാക്കാതെ സപ്ലൈ കാർഡുകൾ മുഖേനയും, ബോർഡുകൾ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലേയ്ക്ക് വില ഈടാക്കിയും രജിസ്റ്ററുകൾ വിതരണം ചെയ്യുന്നു |
| (ബി) സ്റ്റേഷനറിയുടെയും രജിസ്റ്ററുകളുടെയും ഫയൽബോർഡുകളുടെയും പോരായ്മ കൾ താഴെത്തട്ടിലുള്ള നിരവധി സർക്കാർ ഓഫീസുകൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |

| | |
|---|---|
| (സി) ജീവനക്കാരിൽ ചിലർ ഇത്തരം സന്ദർഭങ്ങളിൽ ഓഫീസിലെത്തുന്ന കക്ഷികളിൽ നിന്നും പണം വാങ്ങി സ്റ്റേഷനറി വാങ്ങിപ്പിക്കുന്നതും ഇത് അഴിമതിക്ക് വഴിയാകുന്നതും ശ്രദ്ധിച്ചിട്ടുണ്ടോ; ഈ സാഹചര്യങ്ങൾ ഒഴിവാക്കാനും എല്ലാ ഓഫീസുകൾക്കും ആവശ്യമായ ഓഫീസ് സ്റ്റേഷനറികളും രജിസ്റ്ററുകളും അടിയന്തിരമായി ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ? | (സി) ഇത്തരത്തിലുള്ള സംഭവങ്ങൾ സ്റ്റേഷനറി വകുപ്പിലും അച്ചടി വകുപ്പിലും ഉണ്ടായിട്ടില്ല. ഓരോ വർഷവും അനുവദിക്കുന്ന ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യ് വരുന്നു. അതാത് ഓഫീസുകൾക്ക് അനുവദിച്ചിരിക്കുന്ന വിഹിതം സ്റ്റേഷനറി സാധനങ്ങളുടെ ലഭ്യത അനുസരിച്ച് നൽകുന്നുണ്ട്..സർക്കാർആഫീസുകൾക്കാവശ്യമായ രജിസ്റ്ററുകൾ അച്ചടി വകുപ്പിനു കീഴിലുള്ള ജില്ലാഫാറം സ്റ്റോറുകൾ മുഖേന ലഭ്യമാക്കുന്നുണ്ട്. |

Vijaya Kumar

സെക്ഷൻ ഓഫീസർ